## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1230 — 02-05-2017-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഒ. രാജഗോപാൽ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ എത്ര രൂപ നൽകിയിട്ടുണ്ട് ; | (എ) | പദ്ധതി ആരംഭിച്ചതിനുശേഷം കേന്ദ്രവിഹിതമായി നാളിതുവരെ 9863.80 കോടി രൂപ നൽകിയിട്ടുണ്ട് വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര രൂപയാണ് ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികളുടെ ആകെ ചെലവിന്റെ 25 ശതമാനമാണ് സംസ്ഥാനം വഹിക്കേണ്ടത്. |
| (സി) | കേന്ദ്ര സർക്കാർ മുഴുവൻ തുകയും നൽകിയിട്ടും ഈ പദ്ധതി നടപ്പിലാക്കുന്നില്ല എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) & (ഡി) | 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന് അർഹതപ്പെട്ട ഫണ്ട് കേന്ദ്രം മുഴുവനായും നൽകിയിരുന്നില്ല. 2016-17 സാമ്പത്തിക വർഷം 2438.62 കോടിരൂപയാണ് കേന്ദ്രവിഹിതമായി ലഭ്യമാകേണ്ടിയിരുന്നത്. എന്നാൽ 1582.48 കോടി രൂപ മാത്രമാണ് കേന്ദ്രവിഹിതമായി ലഭിച്ചത്. ബാക്കി വിഹിതം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിലേക്ക് 18.01.2017ന് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും ഫണ്ട് കേന്ദ്രസർക്കാർ അനുവദിച്ചിരുന്നില്ല. തുടർന്ന്, 2017-18 സാമ്പത്തിക വർഷത്തിലെ ആദ്യവാരത്തിൽ കുടിശ്ശികയും നടപ്പ് വർഷത്തെ ചെലവിന് ആവശ്യമായ തുകയും ഒന്നിച്ചു ആവശ്യപ്പെട്ടെങ്കിലും ആകെ ലഭ്യമായത് 167.30 കോടി രൂപ മാത്രമാണ്. 2016-17 സാമ്പത്തിക വർഷത്തിലെ വേതന കുടിശ്ശികയിനത്തിൽ മാത്രം 759.43 കോടി രൂപ കേന്ദ്രവിഹിതം ലഭിക്കേണ്ടതാണ്. |
| (ഡി) | എന്തുകൊണ്ടാണ് ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | അർഹതപ്പെട്ട ഫണ്ട് പൂർണ്ണമായി ലഭിച്ചില്ലായെങ്കിലും 2016-17ലെ പദ്ധതി മെച്ചപ്പെട്ട നിലയിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് അംഗീകരിച്ചത് 603.11 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ്. എന്നാൽ 31.03.2017 വരെ സംസ്ഥാനം 684.62 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചതിലൂടെ ലേബർ ബഡ്ജറ്റിന്റെ 113.51 ശതമാനം കൈവരിയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**Annexure**

## Total Central share received

| Year | Amount(Rs.in Lakhs) |
|---|---|
| 2006-07 | 3181.51 |
| 2007-08 | 5810.55 |
| 2008-09 | 19887.32 |
| 2009-10 | 46771.42 |
| 2010-11 | 70423.24 |
| 2011-12 | 95105.42 |
| 2012-13 | 131117.8 |
| 2013-14 | 127710.9 |
| 2014-15 | 158758 |
| 2015-16 | 152633.9 |
| 2016-17 | 158248.95778 |
| 2017-18 | 16730.80396 |
| **Total** | **986379.82174** |

## Total state share received

| Year | Amount(Rs.in Lakhs) |
|---|---|
| 2006-07 | 476.40 |
| 2007-08 | 756.70 |
| 2008-09 | 2359.66 |
| 2009-10 | 4000.00 |
| 2010-11 | 1724.87 |
| 2011-12 | 2510.25 |
| 2012-13 | 2102.03 |
| 2013-14 | 1512.80 |
| 2014-15 | 4000 |
| 2015-16 | 2500.44 |
| 2016-17 | 3138.94 |
| 2017-18 | 0 |
| **Total** | **25082.09** |

**Section Officer**